ഒഴിവാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി ഔട്ട്‌ലെറ്റ് മുതൽ കണ്ണമ്മൂല പാലം വരെയുള്ള പഴവങ്ങാടി/ആമയിഴഞ്ചാൻ തോടിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്. ടി പ്രവൃത്തി അന്തിമഘട്ടത്തിലാണ്.

(ബി) ആവിഷ്കരിച്ചിട്ടുണ്ട്. തമ്പാനൂർ മുതൽ ഉപ്പിലാംമൂട് വരെ ഒരു ഡൈവേർഷൻ കനാൽ നിർമ്മാണത്തിനുള്ള പദ്ധതി ടെണ്ടർ ചെയ്യുകഴിഞ്ഞു.

നഗരങ്ങളിൽ മാലിന്യസംസ്കരണ കമ്പനി

119 (3403) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി. എ. മാധവൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളിൽ മാലിന്യസംസ്കരണ കമ്പനി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) കമ്പനിയുടെ ഷെയറുകൾ സംബന്ധിച്ച വിശദാംശങ്ങൾ എന്തൊക്കെയാണ് ; വിശദമാക്കുമോ ;

(സി) കമ്പനിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് കമ്പനിയുടെ സേവനം ഉപയോഗപ്പെടുത്താവുന്നത് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ ക്ലീൻ കേരള കമ്പനി രൂപീകരിച്ചിട്ടുണ്ട്.

(ബി) ക്ലീൻ കേരള കമ്പനിക്ക് ഇതിനകം 1,000 രൂപ മൂല്യമുള്ള 47001 ഓഹരികളിൽ നിന്നായി 4,70,01,000 രൂപയുടെ മൂലധനം ഉണ്ട്.

(സി) ക്ലീൻ കേരള കമ്പനിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. സംസ്ഥാനത്തെ 5 കോർപ്പറേഷനുകളിലും, 60 മുനിസിപ്പാലിറ്റികളിലും ഉത്ഭവിക്കപ്പെടുന്നതും, നിരത്തുകളിലും മറ്റും ചിതറിക്കിടക്കുന്നതുമായ

LIBRARY ARCHIVES Kerala Legislative Assembly

മോശം പ്ലാസ്റ്റിക്കുകൾ കഴുകി വൃത്തിയാക്കി പൊടിച്ച് ബേൽ ചെയ്ത പുനഃചംക്രമണത്തിനുള്ള സംവിധാനം ഒരുക്കുന്ന പദ്ധതി.

2. പ്ലാസ്റ്റിക് മാലിന്യങ്ങൾ ഷ്റെഡ്ഡിംഗ് മെഷീനുകൾ ഉപയോഗിച്ച് ചിപ്പുകളാക്കി മാറ്റി ഇവ ഉപയോഗിച്ച് പൊതുമരാമത്ത് വകുപ്പിന്റെ സഹകരണത്തോടെ സംസ്ഥാനത്തെ റോഡുകളുടെ ടാറിംഗ്.

3. ഇ-മാലിന്യങ്ങൾ ശേഖരിച്ചു കേന്ദ്ര സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകളുടെ സാക്ഷ്യപത്രമുള്ള റീ-സൈക്ക്ളിംഗ് ഏജൻസികളിലൂടെ നിർമ്മാർജ്ജനം ചെയ്യുന്ന പദ്ധതി.

4. പ്രതിദിനം 50 ടൺ വരെ മാലിന്യം ഉണ്ടാകുന്ന നഗരങ്ങളിൽ CNG Bottling Plant-കൾ സ്ഥാപിക്കുന്ന പദ്ധതി.

5. എല്ലാ ജില്ലകളിലും സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി.

6. മാലിന്യ സംസ്കരണത്തിന് നൂതന സാങ്കേതിക വിദ്യയായ പ്ലാസ്മാ ഗ്യാസിഫിക്കേഷൻ ഉപയോഗിച്ചുള്ള പ്ലാന്റ് കൊച്ചിയിൽ സ്ഥാപിക്കുന്ന പദ്ധതി.

7. റെയിൽവേ സ്റ്റേഷനുകൾ ക്ലീൻ ചെയ്യാൻ ആരംഭിച്ചു

(ഡി) സംസ്ഥാനത്തെ എല്ലാ കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും സർക്കാർ അർദ്ധ സർക്കാർ ഇതര സ്ഥാപനങ്ങൾക്കും കമ്പനിയുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

നഗരസഭകളിലും കോർപ്പറേഷനുകളിലും പെൻഷൻ ആനുകൂല്യങ്ങൾ വിതരണം

120 (3404) ശ്രീ. ഷാഫി പറമ്പിൽ : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നഗരസഭകളിലും കോർപ്പറേഷനുകളിലും റൂലർ ഫാമിലി വിഭാഗം പെൻഷൻകാരുടെ പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് കുട്ടി അഹമ്മദ്കുട്ടി റിപ്പോർട്ട് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു തുടങ്ങിയോ ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly